(സി—എഫ്) ഉണ്ട്. കുന്ദമംഗലത്ത് മുൻസിഫ് കോടതി സ്ഥാപിക്കണമെന്ന അപേക്ഷ ബഹു:ഹൈക്കോടതിയുടെ പരിഗണനയിലാണ്. എല്ലാ വശങ്ങളും പരിശോധിച്ചശേഷം ബഹു:ഹൈക്കോടതി നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം പാലിച്ച് കോടതി സ്ഥാപിക്കുന്ന കാര്യത്തിൽ സർക്കാർ തീരുമാനമെടുക്കുന്നതാണ്.

ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികളും എസ്.ടി/സി.സി. കേസുകളും

77 [82] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്ത് നിലവിൽ എത്ര ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ പ്രവർത്തിച്ചുവരുന്നു എന്ന് അറിയിക്കാമോ;

(ബി) ഈ കോടതികളിലെല്ലാമായി എത്ര എസ്.ടി./സി.സി. കേസ്സുകൾ നിലവിലുണ്ടെന്നറിയിക്കാമോ;

(സി) ഇവയിൽ ആറുമാസത്തിൽ കൂടുതൽ പഴക്കമുള്ള എത്ര എസ്.ടി. കേസ്സുകൾ തീർപ്പാക്കാൻ ശേഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഒരു വർഷത്തിൽ കൂടുതൽ പഴക്കമുള്ള ക്രിമിനൽ കേസ്സുകൾ ഏറ്റവും കൂടുതൽ നിലനിൽക്കുന്ന കോടതികൾ ഏതെല്ലാമാണ്;

(ഇ) പുതിയ ജുഡിഷ്യൽ ഫസ്റ്റ് ക്ളാസ് മജിസ്ട്രേറ്റ് കോടതികൾ ആരംഭിക്കണമെന്ന് ബഹു: ഹൈക്കോടതിയോട് ഗവൺമെന്റ് ശുപാർശ ചെയ്തിട്ടുണ്ടോ;

(എഫ്) തിരുവനന്തപുരം നഗരത്തിലെ കുടപ്പനക്കുന്നിൽ ജുഡിഷ്യൽ ഫസ്റ്റ് ക്ളാസ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(ജി) ഈ നിവേദനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പതിനേഴ് മുൻസിഫ് മജിസ്ട്രേറ്റ് കോടതികളുൾപ്പെടെ 127 ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 221191 സി.സി. കേസുകളും 111882 എസ്.ടി. കേസുകളും വിവിധ ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികളിലായി പെൻഡിംഗിലുണ്ട്.

(സി) 39154 എണ്ണം (6 മാസം വരെ പഴക്കമുള്ളത്)

(ഡി)

1. ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-11, എറണാകുളം
2. ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-പെരുമ്പാവൂർ
3. ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-കൊല്ലം
4. ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-1, എറണാകുളം
5. ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-11, നെയ്യാറ്റിൻകര
6. ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-നോർത്ത് പറവൂർ
7. ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-11, കൊല്ലം

(ഇ) പുതിയ കോടതികൾ സ്ഥാപിക്കുന്നതിന് ബഹു. ഹൈക്കോടതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കോടതികളുടെ ഒരു മുൻഗണനാ പട്ടിക സർക്കാർ തയ്യാറാക്കിയിട്ടുണ്ട്.

(എഫ്) ഉണ്ട്.

(ജി) ഇത് ബഹു: ഹൈക്കോടതിയുടെ പരിഗണനയിലാണ്.

വടക്കാഞ്ചേരി ഫയർ സ്റ്റേഷൻ

78 [83] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരിയിൽ അനുവദിച്ചിട്ടുള്ള ഫയർ സ്റ്റേഷൻ തുറന്നു പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കാമോ;

(ബി) ഈ ഫയർ സ്റ്റേഷൻ ഈ വർഷം തന്നെ തുറന്നു പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) വടക്കാഞ്ചേരി ഗ്രാമ പഞ്ചായത്ത് നൽകാമെന്നേറ്റിട്ടുള്ള സ്ഥലം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിനു കൈമാറി കിട്ടിയിട്ടില്ല. ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് താൽക്കാലികമായി കെട്ടിടവും മറ്റ് സൗകര്യങ്ങളും ഒരുക്കുന്നതിന് ഗ്രാമ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത സൗകര്യങ്ങൾ ഒരുക്കിയതിനുശേഷം ആവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ ആരംഭിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly